**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 264** **26-06-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമല പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ശബരിമലയിലേക്കുള്ള തീർത്ഥാടകർ സഞ്ചരിക്കുന്ന പ്രധാന പാതകളും ശബരിമല തീർത്ഥാടകർ എത്തിച്ചേരുന്ന പ്രധാന ഇടത്താവളങ്ങളായ ക്ഷേത്രങ്ങളിലേക്കും, ശബരിമല തീർത്ഥാടകർ എത്തുന്ന മറ്റു ക്ഷേത്രങ്ങളിലേക്കുമുള്ള പാതകൾ മികച്ച നിലവാരത്തിൽ സൂക്ഷിക്കുന്നതിനാണ് ശബരിമല പാക്കേജ് അനുവദിക്കുന്നത്. ശബരിമല പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 2023-2024 സാമ്പത്തിക വർഷത്തിൽ 64 റോഡുകൾക്ക് 355.764 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ശബരിമല റോഡുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശം നൽകുമോ; | (ബി) | ശബരിമലയിലേക്കുള്ള തീർത്ഥാടകർ സഞ്ചരിക്കുന്ന പ്രധാന പാതകളും ശബരിമല തീർത്ഥാടകർ എത്തിച്ചേരുന്ന പ്രധാന ഇടത്താവളങ്ങളായ ക്ഷേത്രങ്ങളിലേക്കും, ശബരിമല തീർത്ഥാടകർ എത്തുന്ന മറ്റു ക്ഷേത്രങ്ങളിലേക്കുമുള്ള പാതകൾ മികച്ച നിലവാരത്തിൽ സൂക്ഷിക്കുന്നതിനാണ് ശബരിമല പാക്കേജ് അനുവദിക്കുന്നത്. ശബരിമല പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 2023-2024 സാമ്പത്തിക വർഷത്തിൽ 64 റോഡുകൾക്ക് 355.764 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ശബരിമല റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ശബരിമലയിൽ തീർത്ഥാടന കാലം ആരംഭിക്കുന്നതിന് ഏറെ മുമ്പുതന്നെ ശബരിമല റോഡുകളെ സംബന്ധിക്കുന്ന പരിശോധന ആരംഭിക്കും. റോഡുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിക്കുകയും പൂർണ്ണഗതാഗത യോഗ്യമാക്കുകയും ചെയ്യും. മന്ത്രിതല വിലയിരുത്തലും ചീഫ് എഞ്ചിനീയർതല പരിശോധനയും നടത്തുകയും ചെയ്യും. ശബരിമല റോഡുകൾ മികച്ച നിലവാരത്തിൽ നിർമ്മിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ഉയർന്ന പരിഗണനയാണ് നൽകുന്നത്. റോഡുകൾ ബി.എം- |

| | | | |
|---|---|---|---|
| | | | ബി.സി നിലവാരത്തിൽ ഉയർത്തുന്നതിന് മുൻഗണന നൽകി ശബരിമല പാക്കേജ് നടപ്പിലാക്കുന്നു. ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. കിഫ്ബി, KSTP തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഇടറോഡുകൾ അടക്കം നവീകരിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളിലും നവീകരണ പ്രവൃത്തി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ